# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.815 29/09/2016-ൽ മറുപടിക്ക്

### അദ്ധ്യാപക തസ്തിക നിർണ്ണയം

| **ചോദ്യം** | **ഉത്തരം** |
|---|---|
| പ്രൊഫ. അബിദ് ഹുസൈൻ തങ്ങൾ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള അദ്ധ്യാപക തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ടോ; വിദ്യാഭ്യാസ ജില്ല, ഉപജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) പൂർത്തിയായിട്ടുണ്ട്. വിദ്യാഭ്യാസജില്ല, ഉപജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു. |
| (ബി) വിദ്യാഭ്യാസ/ഉപജില്ലകളിൽ അധികമുള്ള അദ്ധ്യാപകരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) വിവരം ശേഖരിച്ചുവരുന്നു. |
| (സി) ഇവരുടെ പുനർവിന്യാസ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) സംരക്ഷിത ജീവനക്കാരുടെ നടപടികൾ അന്തിമഘട്ടത്തിലാണ്. ആകെയുള്ള 3674 സംരക്ഷിത അദ്ധ്യാപകരിൽ 2724 ജീവനക്കാരെ ഇതിനകം പുനർവിന്യസിച്ച് കഴിഞ്ഞു. ഇനി 950 ജീവനക്കാരെയാണ് പുനർവിന്യസിക്കാനുള്ളത്. |
| (ഡി) ഇതു സംബന്ധിച്ച് വിദ്യാഭ്യാസ ഡയറക്ടർക്ക് പരാതികൾ ലഭിച്ചിട്ടുണ്ടോ; പരാതികളിൽ എടുത്ത നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) പരാതികൾ ലഭിച്ചിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ഇ) തെറ്റായരീതിയിൽ പുനർവിന്യാസം നടത്തിയത് സംബന്ധിച്ച ലഭിച്ച പരാതികളിൽ നടപടികൾ എടുത്തിട്ടുണ്ടോ; ജൂനിയറായ ആളെ നിലനിറുത്തി സീനിയറിനെ ദൂരെ സ്ഥലത്തേയ്ക്ക് മാറ്റിയതായി പരാതി ലഭിച്ചിട്ടുണ്ടോ; ഇത്തരം പരാതികളിൽ എടുത്ത നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഇ) ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ